# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4877 — 27/06/2014 ൽ മറുപടിക്ക്

### 10 വർഷത്തിലേറെ പഞ്ചായത്തുകളിൽ സേവനമനുഷ്ടിച്ച ഡ്രൈവർമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ

**ചോദ്യം**

ശ്രീ. കെ. കെ. ജയചന്ദ്രൻ:

(എ) പഞ്ചായത്തുകളിൽ പത്ത് വർഷത്തിലേറെയായി താത്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ഡ്രൈവർമാർ എത്ര പേരുണ്ട് എന്നത് ജില്ല തിരിച്ച് വിശദാംശങ്ങൾ നൽകാമോ;

(ബി) പത്തുവർഷത്തിലേറെയായി ഗ്രാമ പഞ്ചായത്തുകളിൽഡ്രൈവർമാരായി സേവനം അനുഷ്ഠിച്ചുവരുന്ന ഡ്രൈവർമാരെ സ്ഥിരപ്പെടുത്തുന്ന കാര്യം അനുകമ്പാപൂർവ്വം പരിഗണിക്കുമോ;

(സി) ഇവരെ സ്ഥിരപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ?

**ഉത്തരം**

ഡോ. എം. കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

(എ) ഡ്രൈവർമാരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | -2 |
| കൊല്ലം | -7 |
| പത്തനംതിട്ട | -7 |
| ആലപ്പുഴ | -2 |
| കോട്ടയം | -3 |
| ഇടുക്കി | -6 |
| എറണാകുളം | -5 |
| തൃശ്ശൂർ | -8 |
| പാലക്കാട് | -8 |
| മലപ്പുറം | -7 |
| കോഴിക്കോട് | -9 |
| വയനാട് | -3 |
| കണ്ണൂർ | -4 |
| കാസർഗോഡ് | -2 |

(ബി) യും (സി) യും വിവിധ ഗ്രാമപഞ്ചായത്തുകളിൽ 10 വർഷത്തിലധികമായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർമാർ ഉൾപ്പെടുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ